## വെളിപ്പാട് പുസ്തക പഠനം –14

# സഹോദരൻ എന്ന് സ്വയം വിശേഷിപ്പിക്കുന്ന അപ്പോസ്തൊലൻ

ഡോ.സി.വി.ആൻഡ്രൂസ്

**''നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ..'' (വാക്യം 9)**

യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരിൽ വെളിപ്പാട് പുസ്തകം എഴുതുമ്പോൾ ജീവിച്ചിരുപ്പുള്ള ഒരേയൊരാൾ യോഹന്നാനായിരുന്നു. വെളിപ്പാട് ലഭിക്കുമ്പോൾ തനിക്ക് ഏകദേശം 95 വയസുണ്ട്. ദീർഘമായ 65 വർഷം ദൈവത്തോടുള്ള നടപ്പിൽ വിശ്വാസത്തിൽ ഉറച്ച് നിന്ന വ്യക്തിയാണ് യോഹന്നാൻ. എന്നിട്ടും തന്നെക്കുറിച്ച് വിശേഷിപ്പിക്കുന്നത് ''നിങ്ങളുടെ സഹോദരൻ'' എന്നാണ്. ''ഭൂമിയിൽ പേരുകൾ എടുക്കരുതെന്നും തങ്ങളെത്തന്നെ സഹോദരന്മാർ എന്നേ വിളിക്കാവൂ'' എന്നും യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. (മത്തായി 23 : 8–11) നമ്മുടെ ഒരേയൊരു നായകനും നേതാവുമായിട്ടുള്ളവൻ കർത്താവായ യേശുക്രിസ്തു മാത്രമാണ്. നമുക്ക് ഏത് പദവികൾ ലഭിച്ചാലും എല്ലാവരും സഹോദരന്മാരാണെന്നുള്ള ബോദ്ധ്യം ഉണ്ടായിരിക്കണം.

കർത്താവിന്റെ കാലത്ത് പരീശന്മാർ ''അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും'' ഇഷ്ടപ്പെടുന്നവരായിരുന്നു. (മത്തായി 23 : 6–8) ''നിങ്ങൾ അങ്ങനെ ആകരുത്'' എന്ന് കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചു. പത്രോസ് തന്റെ ലേഖനത്തിൽ ''ഒരു കൂട്ടുമൂപ്പൻ'' എന്നാണ് തന്നെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. യോഹന്നാൻ അപ്പോസ്തലസ്ഥാനമുള്ളവനാണ്. എങ്കിലും സഹോദരങ്ങളായ വിശ്വാസികളോട് ''നിങ്ങളുടെ സഹോദരനാണ് ഞാനെ''ന്ന് സ്വയം വിശേഷിപ്പിക്കുന്നതിൽ തൃപ്തിയടഞ്ഞിരുന്നു. 'അപ്പോസ്തൊലൻ' എന്നുള്ളത് ശുശ്രൂഷയും 'സഹോദരരൻ' എന്നത് സ്ഥാനവുമാണ്. ക്രിസ്തീയ പ്രമാണമനുസരിച്ച് മറ്റൊരുവന്റെ മേൽ അധികാരം നടത്തുവാനുള്ള സ്ഥാനങ്ങൾ കൊടുത്തിട്ടില്ല. ''നിങ്ങളോ റബ്ബി എന്ന് പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു. നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവെന്ന് വിളിക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്. സ്വർഗ്ഗസ്ഥൻ തന്നെ''. (മത്തായി 23:8,9)

അപ്പോസ്തോലിക പാരമ്പര്യമോ പദവികളോ ഉയർത്തിക്കാണിക്കാതെ ''നിങ്ങളുടെ സഹോദരൻ'' എന്ന് സ്വയം പരിചയപ്പെടുത്തിയത് സ്നേഹത്തിന്റെ വാക്കോടെയാണ്. യോഹന്നാൻ ''സ്നേഹത്തിന്റെ അപ്പോസ്തൊലൻ'' എന്ന നിലയിൽ അറിയപ്പെടുന്നു. കർത്താവിന്റെ ദാസന്മാരെ വിശ്വാസികൾ മാനിക്കേണം. പിതാവ്, നായകൻ എന്നീ സ്ഥാനങ്ങൾ എടുത്ത പരീശന്മാരെ കർത്താവ് ശാസിക്കുന്നുവെങ്കിലും 1 കൊരിന്ത്യർ 4:15,16 ൽ ''ഞാൻ അല്ലയോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്'' എന്ന പൗലോസിന്റെ അവകാശവാദം ശ്രദ്ധേയമാണ്. എന്നാൽ ഈ അധികാരം കർത്തൃത്വം ചെയ്യാൻ ഉപയോഗിക്കാതെ സ്നേഹത്തോടെ അപ്പോസ്തലന്മാർ സഭകളെ നടത്തി. ശുശ്രൂഷകന്മാർ

ദൈവത്താൽ നിയമിക്കപ്പെട്ടവരാണ്. എന്നാൽ അവർ ''ആട്ടിൻകൂട്ടത്തിന് മാതൃകയായി ജീവിച്ച്'' അവരെ പരിപാലിക്കേണം. (1 കൊരിന്ത്യർ 9:12,13, 1 പത്രോസ് 5:1–3) കർത്താവിന്റെ ഉപദേശവും കല്പനയും ലംഘിച്ചുകൊൺട് തന്നെത്താൻ പേരിനോട് 'റബ്ബീ' എന്നും 'നായക'നെന്നും 'പിതാവെ'ന്നും പേരുനീട്ടി ജനത്തെക്കൊൺട് വിളിപ്പിക്കുന്നവർ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കേൺടി വരും. ഇങ്ങനെയുള്ളവർ യേശുവിന്റെ കഷ്ടത്തിൽ കൂട്ടാളിയാകാൻ ആഗ്രഹിക്കുന്നില്ല. അവർ തങ്ങളുടെ പേരിന്റെ നീളം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ മാത്രം ശ്രദ്ധിക്കുന്നു. യോഹന്നാൻ തന്റെ പേരിന്റെ നീളം കൂട്ടിയത് നോക്കുക. ''യേശുക്രിസ്തുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ'' എന്നാണ്.

യോഹന്നാൻ തന്റെ ഗുരുവിന്റെ വായിൽ നിന്ന് വന്ന ഉപദേശം അനുസരിച്ച്, ''നിങ്ങളുടെ സഹോദരനായ യോഹന്നാൻ'' എന്ന് വ്യക്തമാക്കി. ഇത് നമുക്കൊരു മാതൃകയായിരിക്കട്ടെ. യോഹന്നാൻ യേശുക്രിസ്തുവിന്റെ അപ്പോസ്തലനാണ്. അവൻ യേശുക്രിസ്തുവിനെ സ്നേഹിക്കുന്ന ഏവരുടെയും സഹോദരൻ ആകുന്നു. സഹോദരൻ എന്ന് പറഞ്ഞാൽ അപ്പോസ്തൊലത്വത്തിന്റെ സ്ഥാനം കുറഞ്ഞുപോയി എന്ന് യോഹന്നാൻ ചിന്തിക്കുന്നില്ല. അപ്പോസ്തലത്വത്തിന്റെ സ്ഥാനം യേശുക്രിസ്തുവിനെ സ്നേഹിക്കുന്ന ഏവർക്കും സഹോദരനായിരിക്കുന്നതും, ഏവരെയും സഹോദരന്മാരായും കരുതുന്നതും ആകുന്നു. (തുടരും)